## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 357**      **11.05.2017-ൽ മറുപടിയ്ക്ക്**

## റുപേ കിസാൻ ക്രെഡിറ്റ് കാർഡുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ. കെ. ബാബു<br>ശ്രീ. കാരാട്ട് റസാഖ്<br>ശ്രീ. കെ.ജെ. മാക്സി** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | എല്ലാ കിസാൻ ക്രെഡിറ്റ് കാർഡുകളും റുപേ കിസാൻ ക്രെഡിറ്റ് കാർഡുകളാക്കി മാറ്റണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. നബാർഡ് മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി റുപേ കിസാൻ കാർഡ് പദ്ധതി നടത്തിപ്പിൽ വരുത്തുന്നതിലേയ്ക്കായി രജിസ്ട്രാറുടെ 17/17 നമ്പർ സർക്കുലറിലൂടെ സഹകരണ സംഘങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടി പുരോഗമിച്ചുവരുന്നു. |
| (ബി) | കാർഷിക വായ്പകൾ റുപേ ക്രെഡിറ്റ് കാർഡുകൾ മുഖേന മാത്രമേ നൽകാൻ പാടുള്ളൂ എന്ന വ്യവസ്ഥയുണ്ടോ; എങ്കിൽ ഈ നിബന്ധന കർഷകർക്ക് ഉണ്ടാക്കാനിടയുള്ള ബുദ്ധിമുട്ട് പരിശോധിച്ചിട്ടുണ്ടോ; | (ബി) | 31.03.2017 നകം റുപേ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി പൂർത്തികരിക്കണമെന്ന് നിർദ്ദേശമുണ്ട്. 31.03.2017-നകം കിസാൻ ക്രെഡിറ്റ് കാർഡ് അക്കൗണ്ടുകൾ റുപേ കിസാൻ കാർഡുകളാക്കി മാറ്റുന്നതിനുള്ള കാലതാമസമൂലമുണ്ടാകുന്ന ബുദ്ധമുട്ട് പരിശോധിച്ച് അനുയോജ്യമായ മേൽ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത നിർബന്ധിത പദ്ധതിക്ക് ഇന്റർനെറ്റ് ലഭ്യതയോടുകൂടിയ കമ്പ്യൂട്ടർ ശൃംഖല അധിഷ്ഠിതമായ കോർ ബാങ്കിംഗ് നടപ്പായിട്ടുണ്ടോ; ഇതിനായി സുരക്ഷിതമായ സോഫ്റ്റ്-വെയർ ഉൾപ്പെടെയുള്ള സംവിധാനത്തിനായി ചെലവാക്കേണ്ടിവന്ന തുക പ്രാഥമിക സഹകരണ ബാങ്കുകൾക്ക് സഹായധനമായി നൽകുവാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത നിർബന്ധിത പദ്ധതിക്ക് മാത്രമായി ഇന്റർനെറ്റ് ലഭ്യതയോടുകൂടിയ കമ്പ്യൂട്ടർ ശൃംഖലയിൽ അധിഷ്ഠിതമായ കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടില്ല. 25 കോടിരൂപ കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ആധുനികവത്ക്കരണത്തിനു മാത്രമായി 2017-18 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. കോർബാങ്കിംഗ് സൊല്യൂഷ്യന്റെ വികസനത്തിനും, നിലവിലുള്ള സാങ്കേതിക വിദ്യയുടെ നിലവാരം ഉയർത്തുവാനും, ദേശീയതലത്തിലുള്ള ഐ.റ്റി. വിദഗ്ധരെ താത്ക്കാലികമായി നിയമിക്കുവാനും, ദേശീയതലത്തിലുള്ള ഐ.റ്റി. സ്ഥാപനങ്ങളുടെ സാങ്കേതിക സഹായം തേടുന്നതിനുമാണ് മേൽ തുക വകയിരുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ